ഉത്തരം

(എ) രണ്ടു കേസ്സുകൾ.

(ബി) രണ്ടു കേസ്സുകളുടേയും അന്വേഷണം പൂർത്തിയാക്കിയതിന്റെ ഫാക്ചൽ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലാണ്.

സർക്കാർ ഉത്തരവുമൂലം റഫർ ചെയ്ത കേസ്സുകൾ

61 (717) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സർക്കാർ ഉത്തരവു മൂലം എത്ര കേസ്സുകൾ റഫർ ചെയ്തു;

(ബി) ഇവയിൽ രാഷ്ട്രീയ കൊലപാതകക്കേസ്സുകൾ ഏതെല്ലാ മെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)ഒരു കേസും റഫർ ചെയ്തിട്ടില്ല.

സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധങ്ങൾ

62 (718) ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽനിന്നും അനധികൃതമായി ആയുധങ്ങൾ തിരഞ്ഞുകണ്ടുപിടിക്കുന്നതിന് രൂപീകരിച്ച സ്പെഷ്യൽ സ്കാഡ് എവിടെ നിന്നെല്ലാമാണ് ആയുധങ്ങളും ആയുധനിർമ്മാണസാമഗ്രികളും കണ്ടെത്തി യത്;

(ബി) എന്തെല്ലാം തരത്തിലുള്ള ആയുധങ്ങളും ആയുധനിർമ്മാണ സാമഗ്രികളുമാണ് കണ്ടെടുത്തത്;

(സി) ഇതിനോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ട്;

(ഡി) ഈ കേസ്സുകൾ എഴുതിത്തള്ളാൻ ഉദ്ദേശമുണ്ടോ;

(ഇ) ഇവ എഴുതിത്തള്ളുന്നതിനെതിരായ പോലീസ് രഹസ്യാ ന്വേഷണവിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എഫ്)ഈ കേസ്സുകൾ എഴുതിത്തള്ളുന്നതുമൂലമുണ്ടാകുന്ന ന്യൂനത കൾ എന്തെല്ലാമാണെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്?

ഉത്തരം

(എ) ആയുധങ്ങൾ തിരഞ്ഞുകണ്ടുപിടിക്കുന്നതിന് രൂപീകരിച്ച സ്പെഷ്യൽ സ്കാഡ് കണ്ണൂർ ജില്ലയിലെ പാത്തിപ്പാലം, കൊടിയോടി, പാടം കാപ്പുങ്കൾ, പുത്തൂർ, പുതിയങ്ങമൊകേരി പുല്യോട്, അനിക്കു പൊയിൽ, പാതൂർ, ഉക്കാസ്മൊട്ട ചംപാട്, കൊങ്ങാറ്റ, നാലനാണ്ടി പീടിക, പാലപ്പറമ്പ്, മാങ്ങാട്ടിടം, വട്ടിപ്രം, ചിറ്റാരിപ്പറമ്പ്, പൂക്കോട്, ചെറുവാംചേരി, അരിങ്ങാട്ടെരി, മെരുവംപായി. പൂവത്തിൻകീഴിൽ, അബിലാട്ട്,

LIBRARY ARCHIVES Kerala Legislative Assembly

വടക്കേപൊയിലൂർ, എഹരിങ്ങാട്, സെൻട്രൽ പൊയിലൂർ, കുറിച്ചി, ബാവാച്ചി മുക്ക്, കൊളശ്ശേരി, ന്യൂമാഹി, ഇല്ലാത്തു താഴെ തിരുവങ്ങാട്ട്, നായനാർറോഡ്, എരിങ്ങോള, വെള്ളൊഴുക്ക്, കരേറ്റ്, അടക്കായ്തോട്, അരയാപറമ്പ് എന്നിവിടങ്ങളിൽ നിന്ന് ആയുധങ്ങളും ആയുധനിർമ്മാണ സാമഗ്രികളും കണ്ടെടുത്തിട്ടുണ്ട്.

(ബി) സ്പെഷ്യൽ സ്കാഡ് കണ്ടെടുത്ത ആയുധങ്ങളുടേയും ആയുധസാമഗ്രികളുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു. മഴു, കഠാര, ഡിറ്റനേറ്റർ, ഇരുമ്പ്ദണ്ഡ്, അലുമിനിയം, പൗഡർ, കുപ്പി, സ്റ്റീൽബോംബ്, മാലപ്പടക്കം, നാടൻബോംബ്, വാൾ, ബക്കറ്റ് (പ്ലാസ്റ്റിക്ക്), ഗൺപൗഡർ, പ്ലാസ്റ്റിക് ബാഗ്, വടിവാൾ, തിരിവെട്ടുകത്തി, ഇരുമ്പുചങ്ങല, ആണി, ബിൽഹുക്ക്, അരിവാൾ, ഇരുമ്പുപൈപ്പ്, മരവടി, ഫ്യൂസ്വയർ, സൾഫർ ബോംബിന്റെ അവശിഷ്ടങ്ങൾ, സ്റ്റീൽ കണ്ടെയ്നർ, ലാച്ചറ്റ്.

(സി) മൊത്തം 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

(ഇ)&(എഫ്) 'ഡി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഹർത്താൽമൂലമുള്ള നഷ്ടം

63 (719)<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഹർത്താൽ നടന്നു എന്നും സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികൾ ഓരോന്നും എത്രവീതം ഹർത്താലിന് ആഹ്വാനം ചെയ്തു എന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഹർത്താലിനോടനുബന്ധിച്ച് നടന്ന അക്രമങ്ങളിൽ എത്ര രൂപയുടെ നഷ്ടം സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങ ൾക്കും ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30

	<u>സംസ്ഥാന ഹർത്താലുകൾ</u>	<u>ജില്ലാതല ഹർത്താലുകൾ</u>
പി.ഡി.പി	5	--
എൽ.ഡി.എഫ്	2	--
യു.ഡി.എഫ്	2	5
ബി.ജെ.പി	1	1
സി.പി.ഐ (എം.എൽ)	1	--
ദളിത് സംഘടനകൾ	1	--

LIBRARY ARCHIVES Kerala Legislative Assembly